# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4798      19.05.2017-ൽ മറുപടിക്ക്

**<u>വെങ്കിടങ്ങ് ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് കെട്ടിടം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മുരളി പെരുനെല്ലി | | ശ്രീമതി ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവുംവകുപ്പ് മന്ത്രി) |
| (എ) | തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോയക്കാവിൽ ഫിഷറീസ് വകുപ്പിനു കീഴിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (എ) യും (ബി) യും (സി) യും | നിലവിൽ കോയക്കാവിൽ ഫിഷറീസ് വകുപ്പിന്റെ കിഴിൽ സ്കൂൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ സ്കൂൾ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയെപ്പറ്റിയും ഫിഷറീസ് വകുപ്പിന്റെ മറ്റേതെങ്കിലും സ്ഥാപനം ഈ കെട്ടിടത്തിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ചും തൃശ്ശൂർ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കെട്ടിടം ജീർണ്ണാവസ്ഥയിലാണെങ്കിൽ പൊളിച്ചു മാറ്റി ഫിഷറീസ് വകുപ്പിന്റെ മറ്റേതെങ്കിലുംസ്ഥാപനം ആരംഭിയ്ക്കാൻ നടപടി എടുക്കുമോ; | | |
| (സി) | സ്വന്തമായി കെട്ടിടം ഇല്ലാത്തതും, നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നതുമായ 40/96/സി.ഇ സെഡ് നമ്പർ വെങ്കിടങ്ങ് പഞ്ചായത്ത് ഉൾനാടൻ മത്സ്യ ത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് ഈ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് പ്രവർത്തിക്കുന്നതിന്ആവശ്യമായ നടപടി എടുക്കുമോ; വിശദാംശം നൽകുമോ; | | |

സെക്ഷൻ ഓഫീസർ